LIBRARY ARCHIVES Kerala Legislative Assembly

അടിയന്തരമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കെ. ആർ. ഡബ്ല്യൂ. എസ്. എ. മുഖേന 3566 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഉറങ്ങാട്ടിരി ബൃഹത് കുടിവെള്ള പദ്ധതിയും (Large Water Supply Scheme) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മേൽ പദ്ധതിയിൽനിന്നും പുതിയതായി 500 കുടുംബങ്ങൾക്ക് കൂടി കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ജലജീവൻ മിഷൻ മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്; ഓരോ പദ്ധതിയുടെയും അടങ്കൽ തുക അടക്കം വിശദാംശം നൽകുമോ?

അനുബന്ധം 2 ആയി ചേർക്കുന്നു.*

**ജലജീവൻ മിഷൻ**

163(668) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ ജനതയ്ക്ക് നൂറ് ശതമാനവും ഗുണമേന്മയുള്ള പൈപ്പ് വെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനിലൂടെ കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളം ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ജലജീവൻ മിഷൻ വഴി 2020-21-ൽ എത്ര പേർക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്ര പേർക്ക് കണക്ഷൻ നൽകി?

കേന്ദ്രാവിഷ്കൃത പദ്ധതിയായ ജല ജീവൻ പദ്ധതിയുടെ 2020-21 വാർഷിക പദ്ധതി പ്രകാരം 21.42 ലക്ഷം ഗ്രാമീണ കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 404464 കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ പദ്ധതിക്കായി 2021-22-ൽ കേന്ദ്ര സർക്കാർ എന്ത് തുകയാണ് സംസ്ഥാനത്തിന് വകയിരുത്തിയിട്ടുള്ളത്?

ജല ജീവൻ പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 1,804.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) കണക്ഷൻ നൽകുന്ന കാര്യത്തിൽ കേന്ദ്രം നിശ്ചയിക്കുന്ന ടാർഗറ്റ് സംസ്ഥാനത്തിന് പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് ജലജീവൻ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയത്. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വർഷവും സംസ്ഥാനം നൽകേണ്ട കൂടിവെള്ള കണക്ഷനുകളുടെ എണ്ണം കേന്ദ്ര സർക്കാർ നിശ്ചയിക്കുകയും അത് ജല ജീവൻ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, ഇപ്രകാരം വാർഷിക പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള കണക്ഷനുകൾ നൽകാവുന്ന തരത്തിൽ പൂർത്തിയായ കൂടിവെള്ള പദ്ധതികൾ ലഭ്യമാവാത്ത സ്ഥലങ്ങളിൽ പുതിയതോ പ്രവൃത്തികൾ പുരോഗമിക്കുന്നതോ ആയ പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടിവരുന്നുണ്ട്. ആയതിനാൽ അത്തരം പദ്ധതികളുടെ പൂർത്തീകരണത്തിലുണ്ടാകുന്ന തടസ്സങ്ങളും കാലതാമസവും ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമാവുന്നുണ്ട്. ഇതിനുപുറമേ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കൽ, റെയിൽവേ ഉൾപ്പെടെ മറ്റുവകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകുന്നതിലെ കാലതാമസം, കോവിഡ് മഹാമാരി, പൈപ്പുകളുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വിദഗ്ധ തൊഴിലാളികളുടെയും ദൗർലഭ്യം, തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭയിലേയ്ക്കും നടന്ന തെരഞ്ഞെടുപ്പ് സമയത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്ന മാതൃകാ പെരുമാറ്റച്ചട്ടങ്ങൾ മുതലായ കാരണങ്ങളാൽ വാട്ടർ കണക്ഷൻ നൽകുന്ന കാര്യത്തിൽ കേന്ദ്രം നിശ്ചയിച്ചിരുന്ന ടാർഗറ്റ് സംസ്ഥാനത്തിന് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

**മലപ്പുറം നിയോജകമണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

164(669) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ-പുൽപ്പറ്റ-മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly